മിക്കവാറും എല്ലാ ശുപാർശകളും മന്ത്രിസഭാ ഉപസമിതിയുടെ ചില ഭേദഗതികളുടെ എല്ലാ ശുപാർശകളും മന്ത്രിസഭാ ഉപസമിതിയുടെ ചില ഭേദഗതികളോടെ ഗവൺമെന്റ് അംഗീകരിച്ചു ഇത് സംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചു നടപ്പിലാക്കിവരുന്നു.

18 (*17) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച്

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ബി) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിച്ചുകിട്ടുന്നതിനായി സംസ്ഥാനത്ത് ഗവൺമെന്റ് എന്തെല്ലാം നടപടിയെടുത്തു;

(സി) ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നു എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നഭ്യർത്ഥിച്ച് 1958-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനയച്ചിട്ടുണ്ട്. 1971-ലും 1996-ലും ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്തയയ്ക്കുകയുണ്ടായി.

(ബി, സി) കേന്ദ്ര നിയമ മന്ത്രിയിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച കത്തിൽ ആവശ്യപ്പെട്ട പ്രകാരം തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. മറുപടി ലഭിച്ചാൽ തുടർനടപടികൾ ആലോചിക്കുന്നതാണ്.

19 (*18) മെഡിക്കൽ കോളേജുകളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ശ്രീ. കെ.ടി.കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) സാധാരണ ജനങ്ങൾക്ക് മെഡിക്കൽ കോളേജുകളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിയ്ക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെയും ആശുപത്രികളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(1) ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്തി പരമാവധി സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു.

(2) ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സംവിധാനം ഏർപ്പെടുത്തി.

(3) എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ട്രോമാ കെയർ സംവിധാനം ആരംഭിച്ചു.

(4) എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും സി.റ്റി. സ്കാൻ സംവിധാനം ഏർപ്പെടുത്തി.

(5) കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് ന്യായവില മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കുകയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് ന്യായവില മെഡിക്കൽ ഷോപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തു.

(6) 1999-2000 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി ഏകദേശം രണ്ടു കോടി രൂപയ്ക്കുള്ള യന്ത്രോപകരണങ്ങൾ വാങ്ങി.

(7) പകർച്ചവ്യാധികൾ മൂലമുണ്ടാകുന്ന രോഗങ്ങളെപ്പറ്റി പഠനം നടത്തുന്നതിനും പ്രതിവിധി കണ്ടെത്തുന്നതിനുമായി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ആരംഭിച്ചു.

(8) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചുള്ള സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നു.

(9) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് ഒന്നരക്കോടി രൂപ ചെലവിൽ ട്രോമാ കെയർ യൂണിറ്റിനു വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞു.

(10) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് മുളംകുന്നത്തുകാവിൽ 400 കിടക്കകളുള്ള ആശുപത്രി ബ്ലോക്കിന്റെ പണി പൂർത്തിയാക്കി.

(11) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് വണ്ടാനത്ത് ഒ.പി.ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി. കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് ആലപ്പുഴ ടൗണിൽ പ്രവർത്തിക്കുന്ന ശിശുരോഗ വിഭാഗവും ശിശുരോഗ ശസ്ത്രക്രിയാ വിഭാഗവും വണ്ടാനത്ത് പണികഴിപ്പിച്ച പുതിയ ബ്ലോക്കിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(12) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ റേഡിയോതെറാപ്പി, ഫിസിക്കൽ മെഡിസിൻ ഇവയിൽ ബിരുദാനന്തര ബിരുദകോഴ്സ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(13) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഡി.എം.എൽ.റ്റി., ഡി.ആർ.റ്റി.ആന്റ് ഡി. ഒ.എ.എന്നീ കോഴ്സ് ആരംഭിച്ചു.

(14) കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് ഒരു ഡെന്റൽ കോളേജ് തുടങ്ങുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റു നടപടികൾ പുരോഗമിച്ചുവരുന്നു.

പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ താഴെ പറയുന്നവയാണ്.

(1) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് മുളംകുന്നത്തു കാവിൽ ഓപ്പറേഷൻ തിയേറ്ററും, അത്യാഹിതവിഭാഗവും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കായി ഒരു പ്രത്യേക വിഭാഗം ആരംഭിക്കുവാനുദ്ദേശിക്കുന്നു.

(3) മെഡിക്കൽ കോളേജാശുപത്രികളോടനുബന്ധിച്ച് രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി മൂന്നു കോടി രൂപയ്ക്ക് ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നു.

(4) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് വണ്ടാനത്ത് ഒ.പി.ബ്ലോക്കിനോട് ചേർന്ന് ഐ.പി.ബ്ലോക്ക് പണിയാൻ ഉദ്ദേശിക്കുന്നു.

(5) തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നേഴ്സിംഗ് കോളേജ് ഈ വർഷം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

(ഡി) സാധാരണ ജനങ്ങൾക്ക് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിക്കുവാനും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്താറുണ്ട്. പ്രസ്തുത സംവിധാനം കാര്യക്ഷമമായി തുടരുന്നതാണ്.

20 (*19) മുല്ലപ്പെരിയാർ അണക്കെട്ട്

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ.പി.എ.മജീദ് :

ശ്രീ. എം.കെ.മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച് തമിഴ്നാട് സർക്കാർ ഉന്നയിച്ച അവകാശവാദങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര പരിശോധന കമ്മിഷൻ സ്ഥലം പരിശോധിച്ചപ്പോൾ കേരളത്തെ പ്രതിനിധീകരിച്ച് ആരെങ്കിലും ഹാജരായിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly